വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങളും പക്ഷികളും

28 (*58) ശ്രീ. കെ. രാജു :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. ഇ. കെ. വിജയൻ ;

ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗശാലകളിൽനിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഏതെല്ലാം ഇനം മൃഗങ്ങളും പക്ഷികളും നശിച്ചു പോയി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയ്ക്ക് പകരമായി മൃഗങ്ങളെയും പക്ഷികളെയും മൃഗശാലകളിൽ കൊണ്ടുവന്നിട്ടുണ്ടോ ; ഇതുവരേയും പകരം കൊണ്ടുവരാൻ കഴിയാതിരിക്കുന്നവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) വംശനാശ ഭീഷണി നേരിടുന്നവയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മരണപ്പെട്ട മൃഗങ്ങളുടെയും പക്ഷികളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മൃഗശാലകളിൽ കഴിഞ്ഞ മൂന്ന് വർഷമായി കൊണ്ടുവന്ന മൃഗങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മരണപ്പെട്ട മൃഗങ്ങളുടെ അതേ വർഗ്ഗത്തിൽപ്പെട്ട മൃഗങ്ങൾ മൃഗശാലയിൽ നിലവിൽ ഉണ്ട്. കേന്ദ്ര മൃഗശാല അതോറിറ്റി ആനകളെ മൃഗശാലയിൽ വളർത്താൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ മൃഗശാലയിൽ മരണപ്പെട്ട ആനയ്ക്ക് പകരം ആനയെ കൊണ്ടുവന്നിട്ടില്ല.

(സി) വംശനാശ ഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കുന്നതിനായി അവയുടെ പരിബന്ധനങ്ങളിൽ തനത് ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിലുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രത്യുല്പാദനത്തിനും വംശവർദ്ധനവിനും വേണ്ടി അനുയോജ്യമായ പോഷക ഘടകങ്ങളടങ്ങിയ ആഹാര പദാർത്ഥങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട കരിങ്കുരങ്ങ്, ഐബിസ്, കേഴമാൻ, നീലക്കാള മുതലായ ഇണയില്ലാത്ത ജീവികൾക്ക് ഇണകളെ കൊണ്ടുവരുകയും വംശവർദ്ധനവ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ഇണകളെ കൊണ്ടുവരാൻ കഴിയാത്ത ഹിമാലയൻ കരടിയ്ക്ക് ഇണയെ കൊണ്ടു വരുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇണകൾ ഉണ്ടായിട്ടും പ്രത്യുല്പാദനം നടക്കാത്ത വിഭാഗം ജീവികളിൽ കൃത്രിമ ബീജസങ്കലനം മുഖേന വംശവർദ്ധനവ് നടത്തുന്നതിനായി ഹൈദരാബാദിലെ സെന്റർ ഫോർ സെല്ലുലാർ ആന്റ് മോളിക്യുലർ ബയോളജി (സി.സി.എം.ബി.) എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് കൃത്രിമ ബീജസങ്കലനത്തിനുള്ള നടപടികൾ നടന്നുവരുന്നു.

റെയിൽവേ മേഖലയിലെ പദ്ധതികൾ

29 (*59) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികളിൽ സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന പദ്ധതികൾ ഏതൊക്കെയായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) മുൻ സർക്കാർ 2010-ൽ ഏറ്റെടുത്ത് നൽകിയ പാലക്കാട്ടെ ഭൂമിയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കാനുള്ള നടപടിയിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(ഡി) നേമത്ത് റെയിൽവേയുടെ സ്ഥലത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയ കോച്ച് പീരിയോഡിക് ഓവർഹോളിംഗ് കേന്ദ്രത്തിന്റെ പ്രവർത്തനം നടത്താൻ സാധിക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ഇ) ഇത്തരം പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടിയും, പദ്ധതികൾ നടപ്പിലാകാത്തതിന്റെ ഭാഗമായി സംസ്ഥാനത്തിന് ഏതെല്ലാം തരത്തിലുള്ള നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്ത് ഇതിനകം പ്രഖ്യാപിച്ച റെയിൽവേ പദ്ധതികളിൽ നടപ്പിൽ വരുത്താത്തവ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ യെന്താണെന്നും പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly